**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 924** **06-10-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികളുടെ ആക്രമണത്തിന് വിധേയരായി ഗുരുതരമായി പരിക്കേറ്റവർക്കും ജീവഹാനി നേരിട്ടവർക്കും നൽകുന്ന നഷ്ടപരിഹാരത്തുക ഏത് കാലയളവിലുള്ളതുവരെ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | അഗസ്ത്യവനം സർക്കിളിന് കീഴിലെ തിരുവനന്തപുരം വന്യജീവി സങ്കേതത്തിൽ 2021-22 കാലയളവിൽ പാമ്പുകടിയേറ്റും ആനയുടെ ആക്രമണത്തിലും കൊല്ലപ്പെട്ട 2 കേസുകളിൽ ബാക്കി നഷ്ടപരിഹാരത്തുക നൽകാനുണ്ട്. മേൽ അപേക്ഷകളിൻമേൽ അടിയന്തര സഹായം ലഭ്യമാക്കിയിട്ടുണ്ട്. പാലക്കാട് വന്യജീവി വിഭാഗം സർക്കിളിന് കീഴിൽ വന്യജീവി ആക്രമണംമൂലം പരിക്കേറ്റവർക്കും, ജീവഹാനി നേരിട്ടവർക്കും 6/2021 വരെയുള്ള അപേക്ഷകളിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഫീൽഡ് ഡയറക്ടർ, കോട്ടയം സർക്കിളിനു കീഴിൽ പരിക്കേറ്റവർക്കും, ജീവഹാനി നേരിട്ടവർക്കും അപേക്ഷകളിൽ മുഴുവൻ നഷ്ടപരിഹാര തുകയും നൽകിയിട്ടുണ്ട്. കൊല്ലം സതേൺ സർക്കിളിന് കീഴിലെ റാന്നി, കോന്നി, പുനലൂർ, തിരുവനന്തപുരം എന്നീ ഡിവിഷനുകളിൽ 05/2021 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. മറ്റ ഡിവിഷനുകളിൽ മുഴുവൻ നഷ്ടപരിഹാര തുകയും നൽകിയിട്ടുണ്ട്. കണ്ണൂർ നോർത്തേൺ സർക്കിളിന് കീഴിൽ, നോർത്ത് വയനാട് ഡിവിഷനിൽ എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. സൗത്ത് വയനാട് ഡിവിഷനിൽ പരിക്കേറ്റവർക്ക് 04/2019 വരെയുള്ള നഷ്ടപരിഹാര തുകയും, ജീവഹാനി സംഭവിച്ച കേസുകളിൽ 02.04.2021 വരെ ആശ്രിതർക്ക് അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്. കോഴിക്കോട് ഡിവിഷനിൽ 12/2020 വരെയുള്ള അപേക്ഷകൾ തീർപ്പാക്കുകയും, തുടർന്ന് ലഭിച്ച ഒരു അപേക്ഷയിൻമേൽ അടിയന്തിര സഹായവും ലഭ്യമാക്കിയിട്ടുണ്ട്. കാസർഗോഡ് ഡിവിഷനിൽ 03/2021 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. കണ്ണൂർ ഡിവിഷനിൽ പരിക്കേറ്റവരുടെ അപേക്ഷകൾ 12/2019 വരെയും, മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള അടിയന്തിര |

| | | | |
|---|---|---|---|
| | | | ധനസഹായം 09/2021 വരെയും, പാമ്പ് കടിയേറ്റ് മരണപ്പെട്ടവരുടെ ആശ്രിതർക്ക് 03/2019 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. തൃശ്ശൂർ സെൻട്രൽ സർക്കിളിന് കീഴിലെ ചാലക്കുടി, മലയാറ്റൂർ ഡിവിഷനുകളിൽ പരിക്കേറ്റവർക്കും, ജീവഹാനി നേരിട്ടവർക്കും യഥാക്രമം 06/2020, 10/2020 വരെയുള്ള കാലയളവിലെ നഷ്ടപരിഹാര തുക നൽകിയിട്ടുണ്ട്. തൃശ്ശൂർ ഡിവിഷനിൽ പരിക്കേറ്റവർക്ക് 07/2021 വരെയും, മരണപ്പെട്ടവർക്ക് 10/2020 വരെയുള്ള നഷ്ടപരിഹാര തുക നൽകിയിട്ടുണ്ട്. വാഴച്ചാൽ ഡിവിഷനിൽ നാളിതുവരെയുള്ള അപേക്ഷകളിൽ ഒന്നൊഴികെയുള്ള എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. തീർപ്പാക്കാനുള്ള അപേക്ഷയിൻമേൽ അടിയന്തര സഹായം ലഭ്യമാക്കിയിട്ടുണ്ട്. ജീവഹാനി സംഭവിച്ചവർക്ക് നിലമ്പൂർ നോർത്ത് & സൗത്ത് ഡിവിഷനുകളിൽ 08/2021 വരെയും, മണ്ണാർക്കാട് ഡിവിഷനിൽ 09/2020 വരെയും, പാലക്കാട് ഡിവിഷനിൽ 05/2021 വരെയും, നെൻമാറ ഡിവിഷനിൽ 04/2021 വരെയും നഷ്ടപരിഹാര തുക നൽകിയിട്ടുണ്ട്. ഗുരുതരമായി പരിക്കേറ്റവർക്ക് നിലമ്പൂർ നോർത്ത് ഡിവിഷനിൽ 03/2021 വരെയും, നിലമ്പൂർ സൗത്ത് ഡിവിഷനിൽ 08/2021 വരെയും, മണ്ണാർക്കാട് ഡിവിഷനിൽ 07/2020 വരെയും, പാലക്കാട് ഡിവിഷനിൽ 05/2021 വരെയും, നെൻമാറ ഡിവിഷനിൽ 02/2021 വരെയും നഷ്ടപരിഹാര തുക നൽകിയിട്ടുണ്ട്. കോട്ടയം ഹൈറേഞ്ച് സർക്കിളിന് കീഴിൽ കോതമംഗലം, മാങ്കുളം, കോട്ടയം, മറയൂർ എന്നീ ഡിവിഷനുകളിൽ യഥാക്രമം 06/2020, 08/2021, 02/2021, 09/2021 എന്നീ കാലയളവ് വരെയുള്ള പരിക്കേറ്റവരുടെയും ജീവഹാനി സംഭവിച്ച അപേക്ഷകളിൻമേൽ നഷ്ടപരിഹാര തുക നൽകിയിട്ടുണ്ട്. മൂന്നാർ ഡിവിഷനിൽ മരണപ്പെട്ടവരുടെ ആശ്രിതരുടെ അപേക്ഷകളിൽ 05/2019 വരെയും, പരിക്ക് പറ്റിയവരുടെ അപേക്ഷയിൻമേൽ 08/2020 വരെയുള്ള കാലയളവിൽ നഷ്ടപരിഹാര തുക നൽകിയിട്ടുണ്ട്. |
| (ബി) | മരണപ്പെട്ടവർക്കും പരിക്കുപറ്റുന്നവർക്കും നൽകുന്ന തുകയുടെ തോത് എത്രയെന്ന് അറിയിക്കാമോ; | (ബി) | 05.04.2018-ലെ സ.ഉ.(കൈ)നം. 17/2018/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണം മൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ച് വരുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും |

| | | | |
|---|---|---|---|
| | | | പരിക്കേൽക്കുന്നവർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 1 ലക്ഷം രൂപ വരെയും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാതുക മുഴുവനായും നൽകി വരുന്നുണ്ട്. |
| (സി) | തുക നൽകാൻ അവശേഷിക്കുന്നവർക്ക് നഷ്ടപരിഹാര തുകയുടെ കുടിശ്ശിക എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ; | (സി) | അവശേഷിക്കുന്നവർക്കുള്ള നഷ്ടപരിഹാര തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതാണ്. |
| (ഡി) | വന്യജീവികൾമൂലം കൃഷിനാശം സംഭവിച്ചവർക്കുള്ള കുടിശ്ശിക തുക നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | വന്യജീവികൾ മൂലം കൃഷിനാശം സംഭവിച്ചവർക്കുള്ള കുശ്ശിക തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത്പദ്ധതി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ വന്യമൃഗാക്രമണത്താൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 83.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലഭിച്ചിട്ടുള്ള അപേക്ഷകളിൽ മുൻഗണനാക്രമത്തിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ